# <u>മൈ എം.ഇ</u>

## <u>27/06/2017 ന് സന്ദർശിച്ച മൈക്രോസംരംഭ യൂണിറ്റുകൾ</u>

1. **'കഫേശ്രീ'**
   **കച്ചേരിമേട്**
   **പോലീസ് സ്റ്റേഷന് സമീപം**
   **ചിറ്റൂർ**

ശ്രീമതി.വിജയകുമാരി പ്രസിഡന്റും, ശ്രീമതി.റോസ്‌ലി സെക്രട്ടറിയുമായുള്ള 7 പേരുടെ ഗ്രൂപ്പാണ് കഫേശ്രീ നടത്തുന്നത്. ഇപ്പോൾ വലിയ ലാഭം കിട്ടാത്തതുകൊണ്ടും വൈകുന്നേരം 5.30 ക്ക് ശേഷം നിൽക്കാൻ കഴിയാത്തതുകൊണ്ടും മറ്റ് 5 പേർ കൃത്യമായി വരുന്നില്ല. ചിറ്റൂർ താലൂക്കാസ്പത്രി കോമ്പൗണ്ടിൽ നിൽക്കുന്ന കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണിവരെ ജീവനക്കാർ നിൽക്കേണ്ടതുണ്ട്. നന്നായി കച്ചവടം നടക്കുന്ന സ്ഥലത്താണ് കഫേശ്രീ പ്രവർത്തിക്കുന്നത്.

<u>റിപ്പോർട്ട്</u>

1) <u>സാമ്പത്തികം</u>

ചിറ്റൂർ റൂറൽ ക്രെഡിറ്റ് സൊസൈറ്റിയിൽ നിന്നും കടമെടുത്ത 2,50,000/- രൂപയ്ക്ക് (14%പലിശ) ഫ്രിഡ്ജ്, കുക്കർ, ഗ്രൈൻഡർ, മിക്സി, ഫാനുകൾ, പാത്രങ്ങൾ എന്നിവ വാങ്ങുവാൻ വിനിയോഗിച്ചുവെന്നാണ് അറിയാൻ കഴിഞ്ഞത്. M/s.കാപ്റ്റ് സ്റ്റീൽ ഇക്യുപ്പ്മെന്റ്സ് & ഫർണീച്ചർ എന്ന സ്ഥാപനം ഒരു സ്റ്റീൽ സ്റ്റാൻഡ്, 5 മേശകൾ, 60 കസേരകൾ, ഡിഷ് വാഷർ, വെജിറ്റബിൾ കട്ടിങ്ങ് യൂണിറ്റുകൾ എന്നിവയാണ് വിതരണം ചെയ്തിരിക്കുന്നത്. ഇപ്പോൾ വിജയകുമാരിയും, റോസ്‌ലിയും മാത്രമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഒരു ദിവസം ഏകദേശം 6500 രൂപ വരുമാനവും ഒരു ദിവസം സഹായിക്കുന്നതിന് 600 രൂപക്ക് ഒരു പുരുഷനേയും 200 രൂപക്ക് രണ്ട് സത്രീകളേയും നിയോഗിച്ചിട്ടുണ്ട്. ഒരു ദിവസത്തെ ചെലവ് താഴെ പറയുന്ന പ്രകാരമാണ്.

| | |
|---|---|
| പലചരക്ക് | – 2000 |
| പച്ചക്കറി | – 1000 |
| ലോൺ അടക്കുന്നത് | – 500 |
| ദിവസക്കൂലി<br>(ഒരു പുരുഷൻ, രണ്ട് സ്ത്രീകൾ) | –1000 |
| പാൽ | – 500 |
| മീൻ, ഇറച്ചി | – 1000 |
| വെള്ളം, കറന്റ് | – 100 |
| (മാസവാടക 6510) ഒരു ദിവസത്തെ വാടക | –250 |
| **ആകെ** | **6,350/- രൂപ** |

ഇപ്പോൾ വരവും ചെലവും ഏകദേശം തുല്യമായതിനാൽ ലാഭമില്ല.

03/01/2017 മുതൽ ആണ് കഫേശ്രീ ആരംഭിച്ചിരിക്കുന്നത്. ആദ്യത്തെ രണ്ടുമാസം 7 പേർ ഒരുമിച്ച് നിന്നപ്പോൾ പച്ചക്കറിക്ക് കടം വെച്ച 45,000/- രൂപയും സുരക്ഷിത നിക്ഷേപമായി ആസ്പത്രി വികസന സമിതിയിൽ അടച്ച 78,120/- രൂപയും ടെണ്ടർ തുകയായി അടച്ച 85,000/- രൂപയും അടക്കം ഏകദേശം 2 ലക്ഷം രൂപ ഗ്രൂപ്പിന് ഇപ്പോൾ കടമുണ്ട്.

ഒരു വർഷത്തെ ടെണ്ടർ തുകയായി അടച്ച 85,000/- രൂപ കൂടാതെ മാസംതോറും 6,510/- രൂപ വാടക ആസ്പത്രി വികസന സമിതിയിൽ (എച്ച്.ഡി.സി) അടക്കുന്നുമുണ്ട്. അതായത് ഏകദേശം 13,500/- രൂപ കെട്ടിടവാടകയായി വരുന്നുണ്ട്.

മേൽക്കാണിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ താഴെപറയുന്ന നിർദ്ദേശങ്ങൾ ചിറ്റൂർ മുനിസിപ്പാലിറ്റി മെമ്പർ സെക്രട്ടറിയും ചെയർപേഴ്സണും നൽകുകയുണ്ടായി.

1. ജൂലായ് 1 മുതൽ ഗ്രൂപ്പിലെ 7 പേരും ഒരുമിച്ച് എല്ലാ ദിവസവും ജോലി ചെയ്ത് ദിവസക്കൂലിക്കാരെ ഒഴിവാക്കണം.
2. ബോർഡിൽ കുടുംബശ്രീ എംബ്ലം നിർബന്ധമായും ഉണ്ടായിരിക്കണം.
3. ആസ്പത്രി സൂപ്രണ്ടുമായി മുദ്രപത്രത്തിൽ വെച്ച കരാർ ഉടമ്പടിയുടെ പകർപ്പ്, ഗ്രൂപ്പിന്റെ കൈവശമില്ലാത്തതിനാൽ വാങ്ങിനൽകണം.
4. മാസവാടക 6,510/- രൂപ എന്നത് 1,500/- രൂപയായി കുറച്ച് നൽകുവാൻ ആസ്പത്രി വികസന സമിതിക്ക് സി.ഡി.എസ് മുഖാന്തിരം അപേക്ഷ നൽകണം.
5. ആഹാര ഇനങ്ങളിൽ വൈവിധ്യവും പരിസര ശുചിത്വവും പെരുമാറ്റവും കുറേക്കൂടി വരുത്തേണ്ടതുണ്ട്.
6. ഭക്ഷണ പദാർത്ഥങ്ങളിൽ ഗുണമേന്മ വർദ്ധിപ്പിക്കേണ്ടതുണ്ട്.
7. വാടക കുറച്ച് കിട്ടുകയാണെങ്കിൽ മിച്ചം വരുന്ന തുക കൂടി കടം വീട്ടുവാൻ ഉപയോഗിക്കുകയും മൂന്ന് മാസക്കാലയളവിൽ ഓരോരുത്തർക്കും ശമ്പളയിനത്തിൽ തുകയെടുക്കുവാനും കഴിയും.

   മേൽ നിർദ്ദേശങ്ങൾ ജൂലായ് 15 നകം നടപ്പിൽ വരുത്തുവാനും മാസംതോറും വിലയിരുത്തുവാനും തീരുമാനിച്ചു.

പ്രേംദാസ്. എസ്.വി
എ.ഡി.എം.സി
കുടുംബശ്രീ, പാലക്കാട്

2. **‘ഓംശക്തി ടൈലറിങ്ങ് യൂണിറ്റ്’**
**കാഞ്ഞിരാംകുന്ന്, കോറാൻ കോട്**
**കൊടുമ്പ് (പി.ഒ)** എന്ന മൈക്രോ സംരംഭത്തിലും 27/06/2017 ന് പരിശോധന നടത്തി.

സാരി, നൈറ്റി എന്നിവ മൊത്തത്തിൽ (wholesale) വാങ്ങി വീട് തോറും വിൽക്കുകയും സ്ത്രീകളുടേയും കുട്ടികളുടേയും വിവിധ തരം വസ്ത്രങ്ങൾ തയ്ച്ചുകൊടുക്കുകയും ചെയ്യുന്നു. ശ്രീമതി.വസന്ത.എം പ്രസിഡന്റും ശ്രീമതി.ശാന്ത.വി സെക്രട്ടറിയും അന്നമ്മ, ഗീത, അംബിക അംഗങ്ങളുമായി 5 അംഗ ഗ്രൂപ്പാണ് സംരംഭം നടത്തുന്നത്. കൽമണ്ഡപം, പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്നും 14%പലിശയിൽ 1 ലക്ഷം രൂപ കടം എടുത്തിട്ടുണ്ട്. എല്ലാ ചെലവും കഴിഞ്ഞ് 3000/- രൂപ ഓരോരുത്തർക്കും ലഭിക്കുന്നുണ്ട്. ലോൺ കൃത്യമായി അടച്ചുവരുന്നുണ്ട്. പരിശോധനയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടെയുണ്ടായിരുന്ന കൊടുമ്പ് ചെയർപേഴ്സണും അക്കൗണ്ടന്റിനും നൽകുകയുണ്ടായി.

1. സിംഗിൾ എൻട്രി ക്യാഷ്ബുക്കും, രസീത് ബുക്കും അക്കൗണ്ടന്റും പരിചയപ്പെടുത്തി കണക്കുകൾ അക്കൗണ്ടന്റ് ക്രമപ്പെടുത്തണം.
2. കൊടുമ്പ്, മരുതറോഡ്,നെന്മാറ പ്രദേശത്തും കോളനികളിലുമായാണ് വസ്ത്രങ്ങൾ വിൽക്കുന്നത്. ലോൺ അടച്ചുകഴിഞ്ഞാൽ 50,000/- രൂപയുടെ സി.ഐ.എഫ് നൽകി ഇപ്പോൾ നിലവിലുള്ള ആറ് തയ്യൽ മെഷീനുകൾ നവീകരിച്ചാൽ സ്ത്രീകൾക്കും കുട്ടികൾക്കുമുള്ള ‘ഉൾവസ്ത്രങ്ങൾ’ തയ്ക്കാൻ കഴിയുമെന്ന് അവർ അറിയിച്ചു. ആയതിനാൽ മേൽപ്രകാരം നവീകരിച്ച് തയ്ച്ചെടുക്കുന്ന തുണികൾ കോളനികളിലും മറ്റുമായി വിൽക്കാവുന്നതുമാണ്.
3. മൂന്നുപേർ തയ്ക്കുകയും രണ്ടുപേർ വിൽപ്പനക്കു പോവുകയുമാണ് ചെയ്യുന്നത്. ഗ്രൂപ്പിലെ എല്ലാ അംഗങ്ങൾക്കും ടൈലറിംഗ് അറിയുന്നതിനാൽ പരസ്പരം മാറി മാറി ചെയ്യാവുന്നതാണ്.
4. ബോർഡിൽ കുടുംബശ്രീ എംബ്ലം വെയ്ക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ ജൂലായ് 20 നകം നടപ്പിലാക്കുവാനും മാസംതോറും വിലയിരുത്തുവാനും തീരുമാനിച്ചു.

പ്രേംദാസ്. എസ്.വി
എ.ഡി.എം.സി
കുടുംബശ്രീ, പാലക്കാട്